2001-ലും 2004-ലും റേഷൻ കടകൾ വഴി വിതരണം ചെയ്ത സാധനങ്ങൾ

36 [1168] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മേയ് മാസം സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര ഇവയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസം വിതരണം ചെയ്ത പ്രസ്തുത ഭക്ഷ്യ വസ്തുക്കളുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004 മേയ് മാസം സംസ്ഥാനത്തെ റേഷൻ കടകൾ വഴി 46,064 മെട്രിക് ടൺ അരിയും, 16,800 മെട്രിക് ടൺ ഗോതമ്പും, 1954 മെട്രിക് ടൺ പഞ്ചസാരയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2001 മേയ് മാസം 32906 മെട്രിക് ടൺ അരിയും, 1509 മെട്രിക് ടൺ ഗോതമ്പും 3696 മെട്രിക് ടൺ പഞ്ചസാരയും വിതരണം ചെയ്തിട്ടുണ്ട്.

വടകര താലൂക്കിൽ റേഷൻ വിഹിതം നൽകിയതിലെ ക്രമക്കേട്

37 [1169] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ റേഷൻ വിഹിതം മാസങ്ങളായി കാർഡ് ഉടമകൾക്ക് കൃത്യമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കാർഡുടമകൾക്ക് റേഷൻ വിഹിതം പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ബി.പി.എൽ. കാർഡുടമകൾക്ക് പൂർണ്ണമായ തോതിൽ വിതരണം നടത്തുന്നതിനാവശ്യമായ മുഴുവൻ ഭക്ഷ്യധാന്യങ്ങളും കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ഇതുമൂലം പ്രസ്തുത കാർഡുടമകൾക്ക് ചില സന്ദർഭങ്ങളിൽ അർഹമായ തോതിൽ ഭക്ഷ്യധാന്യ വിതരണം നടത്താൻ പറ്റാതെ വന്നിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly